KERALA SCHOOL KALOLSAVAM PROGRAMME COMMITTEE

വിഷയം:- ഒരു മിസ്ഡ് കോളിന്റെ ദൂരം.

# കെടാത്ത കനലുകൾ

ഇലഞ്ഞി, യുവതിയായിരിക്കുന്നു. എപ്പോഴും പൂക്കൾ പാറിയെറിഞ്ഞുകൊണ്ട് കാറ്റിന്റെ കുസൃതിക്കൊപ്പം കുലുങ്ങി ചിരിക്കും. അവളുടെ കൊഴിഞ്ഞ പൂക്കൾ താഴെ തണലേറ്റു മയങ്ങുന്നു.

സൂര്യപ്രകാശം ഇലഞ്ഞിയുടെ ഇലകൾക്കിടയിലൂടെ അപ്പുമാഷിനെ ഒളിഞ്ഞുനോക്കികൊണ്ടിരുന്നു. പണ്ട് ജാനകിയോടൊപ്പം ഇലഞ്ഞിത്തണലിൽ ഇരുന്നാണ്, മക്കളില്ലാത്തതിന്റെ വിരഹം വിങ്ങിയിരുന്നത്. പലപ്പോഴും അവൾ താലോലിക്കുന്ന ഇലഞ്ഞിപ്പൂവിലേക്കും കണ്ണീരുറ്റ് അടർന്നുവീണിട്ടുണ്ടാവും.

'മാഷേ..... ഇതു ദേവൂവാ....'

ദേവേടത്തിയുടെ ശബ്ദം അയാളെ ചിന്തകളിൽനിന്നുണർത്തി.

'ആരിത് ദേവേടത്തിയോ, ഇന്നും മകന്റെ വിശേഷം തേടിയാവും വന്നത് ല്ലേ?'

'ഓന്റെ വിശേഷമല്ലാതെ എനിക്കെന്താണ് അറിയാനുള്ളത്?'

'ദാ, ഫോണവിടെത്തന്നെയുണ്ട് എടുത്തി വിളിച്ചോളൂ'

അവർ ആവേശത്തോടെ ഫോണിന്റെ ബട്ടണുകൾ ഞെക്കുന്നുണ്ടായിരുന്നു. ഞാൻ അയാൾ നോക്കി നിന്നു.

'പാവം! ഇന്നെങ്കിലും അവനെടുക്കുവോ, ആവോ?' അച്യുതമാഷ് പിറുപിറുത്തു.

ഓർമ്മകളെ വീണ്ടും ചിന്തകൾ മാടിവിളിക്കുകയായിരുന്നു. ജലത്തിലൂടെ പൂക്കളെപ്പോലെ അയാളും

അച്യുതമാഷ് വീണ്ടും ചിന്തകളിലേക്കമർന്നു.

മനു പഠനത്തിൽ മിടുക്കനായിരുന്നു. നല്ല അച്ചടക്കവും അനുസരണയും. കല്ല് വെട്ടുപണിക്കുപോയിരുന്ന ദേവേടത്തിയുടെ യാചന എന്നും തന്റെ മുന്നിലെത്തും.

'എന്റെ മകനെ പഠിപ്പിച്ച് വലിയ ആപ്പീസറാക്കീട്ട്, എന്നെയും മോനെയും കളഞ്ഞിട്ടുപോയ ആ തന്തയുടെ മുന്നിൽ നിർത്തണം.'

എന്നും പണിക്കുപോകുന്നതിനുമുൻപ്, അടുക്കളയിൽ പൊതിച്ചോറുകെട്ടുന്ന ജാനകിയോട് അവർ സങ്കടത്തോടെ പറയാറുള്ള വാചകം തനിക്കിപ്പോഴും കാണാപാഠമാണ്.

'മാഷേ, അവനെടുക്കുന്നില്ല, ഓഫീസിൽ തിരക്കുണ്ടാവും' വീണ്ടും ദേവേടത്തിയുടെ സ്വരം ചിന്തകളിൽ നിന്നു തിരിച്ചുവിളിച്ചു.

അച്യുതമാഷ് ദേവേടത്തിക്കു പുറകിലായി നടന്നു. ആ കണ്ണടങ്ങളിൽ ഒളിപ്പിച്ചുവെച്ച കടൽ ചുളിവുകളെ നനയിച്ചിരിക്കുന്നു.

'എന്നാ, ഞാനിറങ്ങുന്നു. അടുത്തയാഴ്ച ഇതിലിടെ മോൻ വരും. അവൻ എന്റെ മോന്റെ നമ്പർ ശരിയാക്കിവെച്ചിട്ടുണ്ട്.'

ദേവേടത്തി മുഖമുയർത്താതെയാണ് പറഞ്ഞത്,

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

Scanned by CamScanner

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

അച്യുമാഷ് ഇലഞ്ഞിച്ചുവട്ടിലേക്കു നടന്നു.
മക്കളുടെ സാന്നിദ്ധ്യമാഗ്രഹിച്ച് എപ്പോഴും ദുഃഖി-
ച്ചിരിക്കുമ്പോൾ, കല്ല് പൊട്ടിച്ച് മകനെ
പഠിപ്പിച്ചിട്ടും അമ്മയെ വേണ്ടാത്ത അവനെ
കാണുമ്പോൾ ഓർക്കുമ്പോൾ നിർവികാരതയിലാഴ്ന്നു-
പോകുന്നു.

'മാഷേ, കഞ്ഞി വിളമ്പിവച്ചിട്ടുണ്ട്.'
ശങ്കരന്റെ ശബ്ദം.

ഈ വലിയ വീട്ടിൽ ഏകാന്തതയുടെ, കാവൽക്കാരനായി, ചിന്തകളിലമർ-
ന്നിരിക്കുമ്പോൾ തന്നെ ഉണർത്തുന്നത് ശങ്കരന്റെയും
ദേവേടത്തിയുടേയും [illegible] സ്വരങ്ങളാണല്ലോ.

ശങ്കരന്റെ കാലൊച്ചയും അകന്നകന്നു പോയി.

ദേവേടത്തി ഉമ്മറപ്പടിയിൽ ചാരിയിരിന്നു.
'ആരാ വര്ണ്ണ്ട്, തിമിരം കാരണം കണ്ണ് പിടിക്ക്ണില്ല്യ
നീലിയാണ്?'
അവർ ദേവേടത്തിയുടെ അരികിലിരിന്നു.
'എന്നാലും നിങ്ങളെന്തിനാ അവനെ വിളിക്കാണ്?
അവനു നിങ്ങളെ വേണ്ടാലോ?'

'അവനെ പെറ്റത് ഞാനല്ലേ കളയാൻ പറ്റുവോ,
അവനെ കാണാതെ എന്റെ വയറ്റില് തീകത്ത്ണ്.'
'ഞാനൊന്നും പറയണ്ല്ല്യ. മോൻ വിളിക്കാൻ നേരായി.'
'ഉം'.

കരിപുരണ്ട ആ കൺകോണുകൾ വീണ്ടുമൊരു
കണ്ണീർ തുള്ളിയെ പ്രസവിക്കാൻ ഒരുമ്പെടുകയാണോ?

'മാഷേ……' വീണ്ടും ആ വിളി അയാളെ
ഉണർത്തി.
എപ്പഴേ ഉറങ്ങിപ്പോയിരിക്കുന്നു.

'അടുത്താഴ്ച വരുമെന്നല്ലേ പറഞ്ഞത്?'
അപ്പു മാഷ് കണ്ണുതിരുമ്മിക്കൊണ്ടു ചോദിച്ചു.
'ങ്ഹാ, നീലീടെ മോൻ ഇന്നലെ വന്നു.
നമ്പറു കിട്ടീട്ടുണ്ട്!'

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

മകനെ വിദേശത്തു ജോലികിട്ടിയപ്പോൾ അവരുടെ കണ്ണുകളിൽ നാമ്പുനീട്ടിയ അതേ തിളക്കം വീണ്ടും ~~അ~~ മാഷ് കണ്ടു.

~~'ങ്ഹാ.. എന്നാൽ വിളിച്ചോളൂ...'~~

മാഷിന്റെ മറുപടിക്കു കാക്കാതെ അവർ ഫോണിന്റെ ബട്ടണുകൾ അമർത്തുകയായിരുന്നു.

'ഹലോ!'

അങ്ങേ തലയ്ക്കൽ നിന്ന് ദേവേടത്തി ഇതുവരെ കേൾക്കാൻ കൊതിച്ച മകന്റെ ശബ്ദം!

~~'ആരാ~~

'ഹൂ ആർ യൂ?'

~~മോ~~. 'മ.... മന്തു ഇത്....'

അവരെ പറഞ്ഞവസാനിപ്പിക്കാൻ പോലും സമ്മതിക്കാതെ ഫോൺ കട്ടായി.

'മാഷേ, അവനെന്നെ വേണ്ട.... നീലിയെപ്പോഴും പറയും എന്തിനാ അവനെ വിളിക്കണതെന്ന് പക്ഷേങ്കില് എന്റെ വയറ്റില് തിയ്യാണ്.... എനിക്ക് അവനെ......'

തന്റെ മുഖത്ത് പടരാറുള്ള നിർവികാരത അവരിലും ബാധിച്ചിരിക്കുന്നു.

'മാഷിന് ബുദ്ധിമുട്ടായില്ലേ....'

തേഞ്ഞുതീരാറായ ചെരുപ്പണിയുന്നതിനിടയിലെപ്പോഴോ, അവർ പറഞ്ഞു.

Scanned by CamScanner

ഉമ്മറത്തു തന്നെ നീലിയിരുപ്പുണ്ട്.

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

ഇന്ന് കണ്ണിനെന്തോ, കാഴ്ച കിട്ടിയെന്നതോന്നുന്നു.
നിങ്ങടെ മൊഖം കണ്ടാലറിയാം അവൻ ഫോൺ കട്ടാക്കിയുണ്ടാകുമെന്ന്. ന്റെ മോൻ മനൂനെ കുറിച്ചൊരുപാടന്വേഷിച്ചു. അവനിപ്പോ അവിടെ ഏതോ പണക്കാരന്റെ മകളെയും വിവാഹം കഴിച്ച് താമസിക്ക്യാന്നാ കേട്ടത്."

'അടുപ്പത്ത് അരി ഇരിക്ക്യാ....'

ദേവേടത്തി~~യുടെ~~ ~~ഇടറിയ~~ ~~ശബ്ദം~~ ഇല്ലത്തിന്റെ ഓലപ്പുരയിലേക്കു നടന്നു.
നീലി, പതിയെയുള്ള അവരുടെ നടത്തത്തെ നോക്കു~~ന്നതെ~~കയായി~~യെന്നവണ്ണം നിന്നു~~. രുന്നു.

'പാവം! ആ മനൂന് ദൈവം നല്ല ശിക്ഷ കൊടുക്കും!'
തിരിഞ്ഞു നടക്കുന്നതിനിടയിൽ നീലി പിറുപിറുത്തു.

ഇലഞ്ഞിയുടെ ചില്ലകളെ കാറ്റുവന്നു വിറപ്പിച്ചുകൊണ്ടിരിക്കുന്നു. തൊടിയിൽ ഇനിയുമുണരാ~~ത്ത~~തെ, പൂക്കൾ!

'മാഷേ .... മാഷേ....'

നീലിയാണ്. അവർ വല്ലാതെ കിതയ്ക്കുന്നുണ്ട്.
നെറ്റിയിൽ പൊടിഞ്ഞ വിയർപ്പ് തുടച്ചുകൊണ്ട്
അവർ എന്തൊക്കെയോ പറയാൻ ശ്രമി~~ച്ചു~~ക്കുന്നു.

'ദേവേടത്തിക്ക് വയ്യ!, ആശുപത്രിയിൽ പോകാൻ കൂട്ടാക്കുന്നില്ല. മാഷോട് മനൂനെ കൂട്ടീട്ടു വരാൻ പറയാൻ പറഞ്ഞു.'

ഒരു നീണ്ട നെടുവീർപ്പോടെ അവർ പറഞ്ഞു നിർത്തി.

Scanned by CamScanner

~~ശ്രീ~~ 'ഞാനൊന്നു പറഞ്ഞുനോക്കാം ദേവേടത്തിയോട്'

നിലിയുടെ കിതപ്പ് ദേവേടത്തിയുടെ രോഗം മൂർച്ഛിച്ചതാണെന്നു ബോധ്യപ്പെടുത്തുന്നതായിരുന്നു.

~~നിലിക്~~ നിലിക്കു മുന്നിലായ് മാഷ് നടന്നു, നടക്കുകയല്ല ഓടുകയാണ് ചെയ്തത്.

'എന്താ ദേവേടത്തി, കൊച്ചുകുട്ട്യോളെപ്പോലെ, നമുക്ക് ആശുപത്രിയില് പോകാം.'

'മന്വു വരട്ടെ, എന്നെ കൊണ്ടുപോവാൻ! മാഷൊന്നു പറയുവോ അവനോട്, നിക്കൊന്നു കണ്ടാ മതി!'

കോരിച്ചൊരിയുന്ന മഴയത്ത് ~~[illegible]~~ പനിച്ചുവിറയ്ക്കുന്ന മകനെയും ആശുപത്രിയിലെത്തിക്കാൻ സഹായം ചോദിച്ചെത്തിയ ദേവേടത്തിക്കുതന്നെയാണല്ലോ ഈശ്വരാ, ആ ഗതി കൊടുത്തത്.

അയാൾ ആദ്യമായി ഈശ്വരന്റെ ചെയ്തിയിൽ അത്ഭുതപ്പെട്ടുപോയി.

തിരികെ വീട്ടിലേക്കു നടക്കുമ്പോൾ അയാളുടെ മനസിൽ ദേവേടത്തി മാത്രമായിരുന്നു.

മഞ്ചു അപ്പോഴും തന്റെ അലങ്കരിച്ച മുറിയിലെ മെത്തയിൽ മലർന്നു കിടക്കുകയായിരുന്നു. എന്തോ മനസിനൊരസ്വസ്ഥത പോലെ..... എത്രയോ നാളുകൾക്കു ശേഷം അമ്മയുടെ സ്വരം ദേവേടത്തിയുടെ മരണമറിയിച്ചുകൊണ്ടാണ്, ഇലത്തി മർമ്മരം മൊഴിഞ്ഞത്.

അവൾ വല്ലാതെ ക്ഷീണിച്ചിരിക്കുന്നു.

ഇനി അപ്പുമാഷ് തന്റെ പൂക്കളെയും താലോലിച്ചു കൊണ്ട് ~~ശ്രീ~~ ഓർമകൾ അയവിറക്കുമ്പോൾ അയാളെ വിളിച്ചുണർത്താൻ ദേവേടത്തിയുടെ കാലൊച്ചകളുണ്ടാവില്ലെന്ന് അവളും തിരിച്ചറിഞ്ഞിരിക്കും.

ദേവേടത്തിയുടെ വീട് നിശബ്ദതയിൽ കുളിക്കുകയായിരുന്നു
മകനെ കുറിച്ചുള്ള അന്വേഷത്തിൽ.....
അവൻ വരുമെന്ന പ്രതീക്ഷയിൽ......

~~അവൻ~~ നെഞ്ചിൽ തീയുമായി ~~അച്ഛ~~ അമ്മ മയങ്ങിയ നാളുകൾ അസ്തമിച്ചിരിക്കുന്നു.
പ്രതീക്ഷകളുമായുറങ്ങിയ അതേ കട്ടിലിൽ പ്രതീക്ഷയറ്റ്, ആ മുറിയിൽ തങ്ങിയിരുന്ന പ്രാചീന ഗന്ധങ്ങളോടൊപ്പം അവരും അലിഞ്ഞുചേർന്നിരിക്കുന്നു.

അപ്പുമാഷ് ഫോണിൽ വിരലമർത്തി മനുവിനെ വിളിച്ചു.

ഇല്ല..... ഇപ്പോഴും അവൻ മയക്കത്തിലാണ്
കൊഴിഞ്ഞ ഇലഞ്ഞിപ്പൂക്കളെപ്പോലെ....

മനു, ഉച്ചയൂണിന്റെ ഇടവേളയിൽ, തന്റെ വിലകൂടിയ ഫോണിൽ വിരലമർത്തി.

ഭാര്യ ഷോപ്പിംഗിനു പോയിട്ട് തിരികെയെത്തിയോ ആവോ!

മെസഞ്ചറിൽ ആരുമില്ല

നാട്ടിൽ നിന്ന് ആരോ വിളിച്ചിട്ടുണ്ട്
മിസ്ഡ് കോൾ ലിസ്റ്റിൽ പരതുന്നതിനിടയിൽ അവൻ കണ്ടെത്തി.

'എന്തായാലും ഒന്നു വിളിച്ചുനോക്കിയിട്ട് സിമ്മു മാറണം, കുറെ കാലമായി ശല്യപ്പെടുത്തുകയല്ലേ,' അവൻ 'കാൾ' അമർത്തി.

മൊബൈൽ അപ്പുമാഷിന്റെ കീശയിൽ കിടന്നു കരയുന്നു.

~~ഇതാണ്, അമ്മയുടെ ശവം എത്രസമയം വേണമെങ്കിലും അവനു വേണ്ടി കാത്തിരിക്കും.~~

'ഹലോ, മനുവല്ലേ...... നീ വൈകിപ്പോയി
മോനേ.... ദേവേടത്തി പോയി.'

KERALA SCHOOL KALOLSAVAM 2017 PROGRAMME COMMITTEE

Scanned by CamScanner

മറുതലയ്ക്കൽ നിശബ്ദമായിരിക്കുന്നു.

'നീ വരില്ലെന്ന് കരുതി ഞങ്ങൾ ചിതയെരിച്ചു'

കുതിച്ചുചാടാൻ വെമ്പിയ കണ്ണുനീരിനെ തടഞ്ഞു വെച്ചുകൊണ്ട് അപ്പുമാഷ് പറഞ്ഞു.

മറുപടിയായി ഒരു നെടുവീർപ്പുമാത്രം.

~~പാവം~~ അവന് കുറ്റബോധമുണ്ടാകും മരിച്ചെങ്കിലും ആ അമ്മയുടെ മനസ്സ് കുളിർത്തിട്ടുണ്ടാവും!

മാഷ് ചിന്തിച്ചു.

'അതു നന്നായി മാഷേ, എനിക്ക് ലീവൊന്നും എടുക്കാൻ പറ്റില്ല. കോടികളുടെ നഷ്ടം! പിന്നെ നാട്ടിൽ പോയെന്നറിഞ്ഞാൽ ഭാര്യയുടെ വക ശകാരവും കിട്ടും. മാഷിനാവുമ്പോ വേറെ പണിയൊന്നുമില്ലല്ലോ?' ~~വയ്ക്കുന്നു~~ 'വയ്ക്കട്ടെ'

~~മാഷിന്റെ മനസ്സിൽ [illegible]~~

മാഷിന്റെ കണ്ണുകൾ ആദ്യമായി കണ്ണീരണിയുകയായിരുന്നു.

ദേവേടത്തിയുടെ ചിതയിലെ അവസാന കനലും കൺപൂട്ടികഴിഞ്ഞിരിക്കുന്നു......!

പടിഞ്ഞാറെ ചക്രവാളം ശൂന്യമായി ഒരു ഇരുട്ടിനെ വരവേൽക്കുവാൻ!

KERALA SCHOOL KAL… PROGRAMME COMMITTEE …2017